Since 1951

# Jubilet

Vol. 5, Issue : 4

APRIL 2019

JUBILEE MISSION MEDICAL COLLEGE & RESEARCH INSTITUTE

## Editorial

### Save trees, Save water, Save life..!

ഈ മാസം കൊടും വേനലാണ് നമ്മെ എതിരേൽക്കുന്നത്. പ്രകൃതി മുഴുവനും, മനുഷ്യനും മറ്റു ജന്തുജീവജാലങ്ങളും കൊടും ചൂടിൽ ഉരുകിത്തീരുകയാണ്. ആധുനിക സൗകര്യങ്ങളുടെ വിന്യാസങ്ങൾക്കിടയിൽ പ്രകൃതിയുടെ കാര്യത്തിൽ മനുഷ്യവർഗ്ഗം എടുത്ത കിരാത നിലപാടുകളാണ് ഒരുപക്ഷേ ഇത്രയധികം കാര്യങ്ങൾ വഷളാക്കിയത് എന്ന് നിസ്സംശയം പറയാൻ സാധിക്കും.

എന്നാൽ ഈ ദുർഘടസന്ധിയിൽ തെറ്റുകൾ മനസ്സിലാക്കി എല്ലാവരുടേയും പൊതുനന്മയെക്കരുതി സ്വീകരിക്കേണ്ട മുൻകരുതലുകളിൽ പോലും വളരെ കുറ്റകരമായ അനാസ്ഥയാണ് പൊതുസമൂഹം കാണിക്കുന്നത് എന്ന തിരിച്ചറിവ് അതിലേറെ വേദനാജനകമാണ്. ഗവൺമെന്റും പൊതുജനവും ഒറ്റകെട്ടായി പങ്കുവയ്ക്കേണ്ട കൂട്ടുത്തരവാദിത്വമാണ് ഈ കാര്യത്തിൽ നമുക്ക് വേണ്ടത്. നമുക്ക് ചുറ്റുമുള്ള ജീവജാലങ്ങൾക്കും വരാനിരിക്കുന്ന തലമുറകൾക്കും വേണ്ടി നാം ഒരുമിച്ച് ഉണർന്നെണീക്കേണ്ട സമയമാണിത്. ജലം പാഴാക്കാതെയും ആവുന്നത്ര മരങ്ങൾ നട്ടുവളർത്തിയും നമുക്ക് പ്രകൃതിയെ സംരക്ഷിക്കുന്നതിൽ ദത്തശ്രദ്ധരാകാം. ബോധപൂർവ്വമായ നിലപാടുകളിലേക്കും പ്രവർത്തനപദ്ധതികളിലേക്കും കടന്നുവന്നുകൊണ്ട് ഈ അവസ്ഥയെ മറികടക്കാൻ നമുക്ക് പരിശ്രമിക്കാം.

**ഫാ. സിജോ ചെറുവത്തൂർ**
**എഡിറ്റർ**



## ജൂബിലിയിൽ പുതിയ ബ്ലോക്ക് ആരംഭിച്ചു.



ഡയമണ്ട് ജൂബിലി ബ്ലോക്ക് ജൂബിലിയിൽ പ്രവർത്തനം ആരംഭിച്ചു. തൃശ്ശൂർ അതിരൂപത മെത്രാപൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് ആശീർവാദ കർമ്മം നിർവ്വഹിച്ചു. താഴത്തെ നിലയിൽ ഓർത്തോ വിഭാഗം ഒ.പി.-യും, ഫിസിയോതെറാപ്പിയുമാണ് ആദ്യ ഘട്ടമായി പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്.

## സ്വാഗതം


പാസ്റ്ററൽ കെയർ വിഭാഗത്തിൽ നിയുക്തനായിരിക്കുന്ന ബഹു. ജിബി വാഴപ്പിള്ളി അച്ചന് ജൂബിലി മിഷൻ കുടുംബത്തിലേക്ക് സുസ്വാഗതം.



## ഹൈലൈറ്റ്സ്


- അമ്പതിന്റെ നിറവിൽ ഡോ. വാസുദേവൻ
- ഡോ. നീലകണ്ഠന് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്
- ജിബിയച്ചന് സ്വാഗതം
- മൊബൈൽ ഫോൺ ആശുപത്രിയിൽ
- ഓട്സ് ലഡ്ഡു എങ്ങനെ ഉണ്ടാക്കാം?
- JMCON ൽ അന്തർദേശീയ കോൺഫറൻസ്
- ജൂബിലിയിൽ വനിതാ ദിനാഘോഷം
- അസാധ്യ വിജയം വരിച്ച് മെഡിക്കൽ വിദ്യാർത്ഥികൾ

# ഡോ. ഡി. എം. വാസുദേവൻ - അരനൂറ്റാണ്ട് പിന്നിട്ട വിശിഷ്ട സേവനം




ജൂബിലി മിഷൻ ഗവേഷണ വിഭാഗം ഡയറക്ടർ ഡോ. ഡി. എം. വാസുദേവൻ, വൈദ്യശാസ്ത്ര ഗവേഷണ രംഗത്ത് അരനൂറ്റാണ്ട് പിന്നിട്ടു. മികച്ച ഗവേഷകൻ, ഗ്രന്ഥരചയിതാവ്, സർവ്വോപരി ആയിരക്കണക്കിന് ഡോക്ടർമാരുടെ പ്രിയ ഗുരു എന്നീ നിലകളിൽ അദ്ദേഹം സേവനം തുടരുന്നു.

ജൂബിലി ഗവേഷണ കേന്ദ്രത്തിന് കേന്ദ്ര ഗവൺമെന്റ് അംഗീകാരമായ DSIR സർട്ടിഫിക്കറ്റ്, ആരോഗ്യ സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രം എന്ന അംഗീകാരം, കേന്ദ്ര ധനകാര്യമന്ത്രാലയത്തിന്റെ സെക്ഷൻ 35, 1 (ii) വകുപ്പ് പ്രകാരം സംഭാവന തരുന്നവർക്കുള്ള ഇൻകംടാക്സ് ആനുകൂല്യം തുടങ്ങിയവ ഡോ. വാസുദേവന്റെ ശ്രമഫലമായി ലഭിച്ച അംഗീകാരങ്ങളാണ്.

ഏറ്റവും മികച്ച മെഡിക്കൽ അധ്യാപകനുള്ള ഇന്ത്യൻ മെഡിക്കൽ കൗൺസിൽ പുരസ്കാരമായ ഡോ. ബി. സി. റോയി അവാർഡ്, കാലിക്കറ്റ് സർവ്വകലാശാലയുടെ എം.എം.ഗനി അവാർഡ്, സംസ്ഥാന സർക്കാരിന്റെ മികച്ച മെഡിക്കൽ അധ്യാപകനുള്ള പുരസ്കാരം, ഇംഗ്ലണ്ടിലെ റോയൽ കോളേജ് ഓഫ് പത്തോളജിസ്റ്റിന്റെ ഫെലോഷിപ്പ് (FRCPath) തുടങ്ങിയവ അദ്ദേഹത്തെ തേടിയെത്തിയ അംഗീകാരങ്ങളിൽ ചിലത് മാത്രമാണ്.

240ൽ അധികം ഗവേഷണ പ്രബന്ധങ്ങളും, 29 ഗവേഷണ വിദ്യാർത്ഥികൾക്ക് ഡോക്ടറേറ്റ് ബിരുദവും, എട്ട് എഡിഷനുകളായി വിവിധ ഭാഷകളിൽ ലക്ഷക്കണക്കിന് കോപ്പികൾ വിറ്റഴിഞ്ഞ മെഡിക്കൽ വിദ്യാർത്ഥികൾക്കുള്ള ബയോകെമിസ്ട്രി ടെക്സ്റ്റ് ബുക്കും ഡോ. വാസുദേവന്റെ വ്യക്തിമുദ്ര വെളിപ്പെടുത്തുന്നതാണ്.

അരനൂറ്റാണ്ടിലധികമായി ഊർജ്ജസ്വലതയോടെ വൈദ്യശാസ്ത്ര-പഠന-ഗവേഷണ രംഗത്ത് പ്രവർത്തിക്കുന്ന ഡോ. വാസുദേവനെ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അനുമോദിച്ചു.

ഇതോടനുബന്ധിച്ച് സംഘടിപ്പിച്ച ബയോകെമിസ്ട്രി 'Ageing - .Current Concepts' തുടർ പഠന പരിപാടിക്ക് ഡോ. പി.ടി. അണ്ണാമല നേതൃത്വം നൽകി.



ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങും കാന്റർബറി ക്രൈസ്റ്റ് ചർച്ച് യൂണിവേഴ്സിറ്റിയും സംയുക്തമായി നടത്തിയ രണ്ടാമത് അന്തർ ദേശീയ കോൺഫറൻസിൽ ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജ് അദ്ധ്യാപിക ശ്രീമതി വിനീത ഡേവിസ് സയന്റിഫിക് പ്രസന്റേഷൻ മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.



**ഡോ. നിമിഷ സോളമൻ**
(ക്വാളിറ്റി ഓഡിറ്റർ, ക്വാളിറ്റി വിഭാഗം)
നാഷണൽ ഹെൽത്ത് മിഷന്റെ, NQAS അസ്സസ്സർ (നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ്) ആയി യോഗ്യത നേടി.

## ഡോ. വാസുദേവനെ ജൂബിലിയിൽ ആദരിച്ചു.



അര നൂറ്റാണ്ടിലധികമായി വൈദ്യശാസ്ത്ര പഠന ഗവേഷണ രംഗത്ത് പ്രവർത്തിക്കുന്ന ഡോ. വാസുദേവനെ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അനുമോദിച്ചു.

## ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്



ഇന്ത്യൻ അസോസിയേഷൻ ഓഫ് കാർഡിയോവാസ്കുലർ സർജൻസ് (IACTS), ഡോ. കെ. എസ്. നീലകണ്ഠനെ 'ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകി ആദരിച്ചു. കാർഡിയോ വാസ്ക്കുലർ തൊറാസിക് സർജറിയിൽ നടത്തിയ വിശിഷ്ട സേവനങ്ങളുടേയും നേട്ടങ്ങളുടേയും അംഗീകാരമായാണ് അവാർഡ് നൽകിയത്.

# Welcome to Jubilee Family

**JR RESIDENT, Emergency Medicine**

1 Dr. SITHARA BABUJI PILLAI    2 Dr. NEETHU N

3 Dr. VIVEK M GOPINATHAN

4 Dr. NEIL JOHN MANNUKADEN    SENIOR RESIDENT, Neurosurgery

5 Dr. SAJIN P SUNNY    OBSERVER, Emergency Medicine

6 Dr. ARUN KUTTIL VARIETH    JR RESIDENT, Plastic Surgery

7 Dr. DEEPA R ANAND    JR RESIDENT, Geriatrics

8 Dr. VINOD BABU E    FELLOWSHIP STUDENT, Anaesthesia

9 Sr. CLARAMMA    SUPERVISOR - HOUSE KEEPING

**STAFF NURSE**

| | | |
|---|---|---|
| 10 STELLA VINCENT | 11 SARANYA M S | 12 LINCY P J |
| 13 BLESSY K DAVIS | 14 CHINCHU THOMAS A | 15 NIGI ANTONY |
| 16 PRAJEESHA FRANCIS E | 17 SALMA K V | 18 SANGEETHA P JOSE |
| 19 VINEESHA WILSON | 20 NEETHU PAUL | 21 NEENA KOSHY |
| 22 THAMARAYOOR SMITHA ANTONY | | 23 ANUMOL JOHNY |
| 24 SHINYMOL P JOSEPH | 25 ANU ANTONY M | 26 CHINJUMOL JOSE |
| 27 ANU PAULSON | 28 JIBIMOL JACOB | 29 NIMITHA K MAJEED |
| 30 NEETHU GEORGE C | 31 SIBI PAUL | 32 CINU M NAIR |
| 33 MERIN MATHEW | 34 ROSEMOL FRANCIS | 35 SEENA P V |
| 36 SIBI T D | 37 CLIYA BABU | |
| 38 Sr. SINCY ALBERT | STAFF NURSE TRAINEE | |

**CANTEEN STAFF**

39 KIRAN V K    40 RAJESH K R    41 BABU PAUL K

42 BIJOY P K    BAKERY/SNACKS CHEF

**AUXILARY NURSING**

43 JIJI V P    44 VIJI K B

45 ROSMY C JOSE    HOSTEL CARE TAKER

**AYURVEDA THERAPIST**

46 JIJI M X    47 VINCY JACOB

# അഭിനന്ദനങ്ങൾ!



**ജൂബിലി മിഷൻ ആശുപത്രി സി. ഇ. ഒ. ഡോ. ബെന്നി ജോസഫ്, അസോസിയേഷൻ ഓഫ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ് (AHPI)ന്റെ കേരളാ ചാപ്റ്റർ പ്രസിഡന്റും ദേശീയ ഭരണസമിതി അംഗവുമായി തെരഞ്ഞെടുക്കപ്പെട്ടു. സമൂഹത്തിൽ ഉചിതമായ ആരോഗ്യ സംരക്ഷണ സേവനങ്ങൾ ഗവൺമെന്റുമായി ചേർന്നു ഉറപ്പുവരുത്തുന്ന, ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സംഘടനയാണ് AHPI.**



# മൊബൈൽ ഫോണും, ആശുപത്രിയും, പെരുമാറ്റചട്ടങ്ങളും



ആരോഗ്യസംരക്ഷണമേഖലയിൽ വിവിധ ആവശ്യങ്ങൾക്കായി വയർലെസ് ഡിവൈസുകളുടെ സാധ്യത വർദ്ധിച്ചുവരികയാണ്. ഇതിൽ ഏറ്റവും സാധാരണമായ ഉപകരണം ആണ് മൊബൈൽ ഫോൺ. രോഗികളുടെ രോഗനിർണയവും ചികിത്സയും മെച്ചപ്പെടുത്താനായി ആശുപത്രികളും മൊബൈൽ ഫോണുകൾ ഉപയോഗിക്കുന്നു. ആശുപത്രിയിൽ അത്യാവശ്യസമയങ്ങളിൽ വിദഗ്ദ്ധ ഡോക്ടറിന്റെ അഭാവത്തിൽ രോഗിയുടെ ചികിത്സയെ സംബന്ധിച്ച തീരുമാനങ്ങളെടുക്കാൻ മൊബൈൽ ഫോണിന്റെ സഹായം നമ്മൾ തേടാറുണ്ട്. ഈയിടെ കേരളം നേരിട്ട പ്രളയത്തിൽ ദുരിത ബാധിതരെ കണ്ടെത്തുന്നതിനും, ആശുപത്രികളെയും രക്ഷാപ്രവർത്തകരെയും ഏകോപിപ്പിക്കുന്നതിനുമെല്ലാം മൊബൈൽ ഫോണുകളുടെ പങ്ക് വളരെ വലുതായിരുന്നു. എന്നാൽ മൊബൈൽ ഫോണുകൾ സുപ്രധാന മെഡിക്കൽ ഉപകരണങ്ങളുടെ ഒരു മീറ്റർ ദൂരത്തിൽ ഉപയോഗിക്കുമ്പോൾ അത് ഉപകരണങ്ങളുടെ പ്രവർത്തനത്തെ നേരിയ തോതിൽ ബാധിക്കുന്നു എന്ന് പ്രമുഖ അന്താരാഷ്ട്ര ആരോഗ്യസംഘടനകൾ നടത്തിയ ഗവേഷണങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. വെന്റിലേറ്റർസ്, ഇ. സി. ഡി. മോണിറ്റർസ്, കാർഡിയാക് മോണിറ്റർസ്, ഡിഫൈബ്രിലേറ്ററുകൾ, എന്നീ ഉപകരണങ്ങളിൽ വിവിധ മൊബൈൽ ഫോണുകൾ ഉപയോഗിച്ചു നടത്തിയ ഗവേഷണത്തിൽ 2G മൊബൈൽ ഫോണുകളാണ് 3G, 4G ഫോണുകളെക്കാളും കൂടുതൽ ഉപകരണങ്ങളുടെ പ്രവർത്തനത്തെ ബാധിച്ചതെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിനെക്കുറിച്ചുള്ള വിശദമായ രേഖകൾ IEEE എക്സ്പ്ലോർ ഡിജിറ്റൽ ലൈബ്രറി, മെഡ് ലൈൻ ഡാറ്റാ ബേസ്, എൽസെവിയർ ഡിജിറ്റൽ ലൈബ്രറി, ഗൂഗിൾ സ്കോളാർ എന്നിവിടങ്ങളിൽനിന്നും ലഭ്യമാണ്. ആധുനിക മെഡിക്കൽ ഉപകരണങ്ങൾ EMC (എലക്ട്രോ മാഗ്നറ്റിക് കോംപാറ്റിബിലിറ്റി) നിലവാരത്തിൽ നിർമ്മിക്കുന്നതായതുകൊണ്ട് ഒരു പരിധി വരെ ഇതിനെ തടുക്കാൻ സാധിക്കുന്നവയാണ്. എങ്കിലും രോഗികളുടെ സംരക്ഷണത്തെ കണക്കിലെടുക്കുമ്പോൾ മൊബൈൽ ഫോണുകൾ മെഡിക്കൽ ഉപകരണങ്ങളുടെ 1 മീറ്റർ ദൂരപരിധിയിൽ ഉപയോഗിക്കുന്നത് തീർത്തും ഒഴിവാക്കേണ്ടതുണ്ട്. ഇത് കൂടാതെ വേറെയും കുറച്ചുകാര്യങ്ങൾ മൊബൈൽ ഫോൺ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കുന്നത് ഉപകാരപ്രദമാണ്.

- തീവ്രപരിചരണവിഭാഗത്തിലും, നവജാത ശിശുസംരക്ഷണ വിഭാഗങ്ങളിലും, അതുപോലെതന്നെ രോഗിയുമായി സങ്കീർണമായ ഉപകരണങ്ങൾ ഘടിപ്പിച്ചിരിക്കുന്ന സ്ഥലങ്ങളിലും മെഡിക്കൽ ഉപകരണങ്ങളുടെ അലാറം ശബ്ദവും മൊബൈൽ ഫോണിന്റെ റിംഗ്ടോണും ഒരേ സമയം ശബ്ദിക്കുമ്പോൾ ആരോഗ്യപ്രവർത്തകർക്കു ആശയകുഴപ്പം ഉണ്ടാവാൻ സാധ്യതയുണ്ട്.
- ആശുപത്രികളിൽ ആളുകൾ കൂടുതൽ ഉള്ള സ്ഥലങ്ങളിൽ ഒരേസമയം ഒന്നിലധികം കോളുകൾ വരുമ്പോൾ റിങ് ടോണുകൾ കൊണ്ടും ബീപ് സൗണ്ടുകൾ കൊണ്ടും ശബ്ദം ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കും, അത് ആശുപത്രിയുടെ പരിസ്ഥിതിയ്ക്ക് അനുയോജ്യമല്ല. മൊബൈൽ ഫോണിലെ സൈലന്റ് അല്ലെങ്കിൽ വൈബ്രേഷൻ ഓപ്ഷൻ ഉപയോഗിച്ചാൽ ഇത് പരിഹരിക്കാൻ നമുക്ക് സാധിക്കും,
- മൊബൈൽ ഫോണിലൂടെ സംസാരിക്കുമ്പോൾ മൃദുവായ ശബ്ദത്തിൽ സംസാരിക്കാൻ ശ്രദ്ധിക്കണം. അല്ലെങ്കിൽ നിങ്ങളുടെ അടുത്തു നിൽക്കുന്ന മറ്റു ആളുകൾക്ക് അസ്വസ്ഥത ഉളവാക്കാൻ സാധ്യത ഉണ്ട്. എത്ര ചെറിയ ശബ്ദവും പിടിച്ചെടുത്തു മറ്റേ തലക്കലെ ആളുകളിൽ എത്തിക്കാൻ കഴിവുള്ളവയാണ് നാം ഉപയോഗിക്കുന്ന മൊബൈൽ ഫോണിലെ മൈക്രോഫോൺ.
- ചികിത്സാസമയങ്ങളിൽ വരുന്ന അനവസര കോളുകൾക്ക് വോയിസ് മെയിലിലേയ്ക്ക് കോൾ ഡൈവെർട്ടു ചെയ്തു മറുപടി നൽകാം. അല്ലെങ്കിൽ കാൾ റിജക്ട് വിത്ത് മെസേജ് സൗകര്യം ഉപയോഗപ്പെടുത്താം.

ആശുപത്രികളിൽ മൊബൈൽ ഫോണുകളുടെ ഉപയോഗം തീർത്തും നിരോധിക്കേണ്ട ആവശ്യം ഇല്ല എന്നും മൊബൈൽ നിരോധനം ഫലപ്രദമായി നടപ്പാക്കാനും അസാധ്യമാണെന്നും വിവിധ ഗവേഷണങ്ങൾ വിലയിരുത്തുന്നു. എങ്കിലും മൊബൈൽ ഫോണിന്റെ ഉപയോഗം ഒരു തരത്തിലും രോഗിയുടെ ചികിത്സയെ ബാധിക്കാൻ പാടുള്ളതല്ല. എല്ലാ ആരോഗ്യ പ്രവർത്തകരും മൊബൈൽ ഫോണുകളുടെ ഉപയോഗത്തെ സംബന്ധിച്ച പ്രാദേശിക നിയമങ്ങൾ അനുസരിക്കേണ്ടതാണ്.

**ശ്രീ. ഫ്രെഡി കെ. ഫ്രാൻസിസ്**
ടെക്നീഷ്യൻ, IT സപ്പോർട്ട്

# അസാധ്യനേട്ടം കൈവരിച്ച് ജൂബിലിയിലെ മെഡിക്കൽ വിദ്യാർത്ഥികൾ



2019-ലെ അവസാന വർഷ എം.ബി.ബി.എസ്. പരീക്ഷയിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ നിന്നുള്ള 2014-ബാച്ചിലെ 86 വിദ്യാർത്ഥികളും വിജയിച്ചു. ദശകങ്ങളായി ഒരു മെഡിക്കൽ കോളേജിനും ഇത്തരം വിജയം കൈവരിക്കാനായിട്ടില്ല. 30 പേർ ഫസ്റ്റ് ക്ലാസ് കരസ്ഥമാക്കി.

# ജൂബിലിയിൽ വനിതാദിനം ആഘോഷിച്ചു

ലോക വനിതാദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ ആശുപത്രിയിൽ 43 വർഷങ്ങളായി, തന്റെ ശാരീരിക പരിമിതികൾ പരിഗണിക്കാതെ പീഡിയാട്രിക് വിഭാഗത്തിലെ സേവനം വഴി കേരളത്തിലെ പൈതങ്ങൾക്ക് ശുശ്രൂഷാ സേവനം ചെയ്യുന്ന ഡോ. പി. സരോജത്തെ ആദരിച്ചു. ക്ലബ്ബ് എഫ്. എം. മേധാവി മനോജ് കമ്മത്ത്,. ആർ. ജെ. ഹിത, റെഡ് എഫ്. എം. പ്രോഗ്രാമിങ്ങ് ഹെഡ് ആർ. ജെ. സുബ്ബു എന്നിവർ അതിഥികളായിരുന്നു. സ്ത്രീകളുടെ രക്തദാനക്യാമ്പും, സ്ത്രീസുരക്ഷ, സ്ത്രീസമത്വം എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള സെമിനാറും നടന്നു.







ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങും കാന്റർബറി ക്രൈസ്റ്റ് ചർച്ച് യൂണിവേഴ്സിറ്റിയും സംയുക്തമായി നടത്തിയ രണ്ടാമത് അന്തർദേശീയ കോൺഫറൻസ് - 'Technique, Technology and Innovations in Nursing', ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് നിർവ്വഹിച്ചു.



# ആയുർവ്വേദം കാലാതീതം

34



'ഉഴിച്ചിലും' 'പിഴിച്ചിലും' ആയുർവ്വേദ മേഖലയുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ കേൾക്കുന്ന രണ്ട് വാക്കുകളാണ്. ചുക്കില്ലാത്ത കഷായം പോലെ ഈ ചികിത്സകൾ ഇല്ലാത്ത സ്ഥാപനങ്ങൾ ഇല്ലെന്നായി. എന്തുകൊണ്ടാണ് ഈ വാക്കുകൾക്ക് ഇത്രയും പ്രാധാന്യം? കൈവേദനമൂലും കൈ പൊക്കാൻ സാധിക്കാത്ത വ്യക്തിക്ക് ശരിയായി ഉഴിച്ചിൽ നടത്തുകയാണെങ്കിൽ 15 മിനിട്ട് കൊണ്ടുതന്നെ കൈ പൊക്കുവാൻ സാധിക്കും. അപ്പോൾ ഒരു ചോദ്യം ബാക്കിയുള്ളത് എന്താണ് ശരിയായ ഉഴിച്ചിൽ എന്നുള്ളതാണ്. ഉദാഹരണത്തിന് കൈയ്യുടെ പ്രവർത്തനത്തിന് ആവശ്യമായ പേശികളുടെ ആരംഭസ്ഥലവും (origin) അവസാനിക്കുന്ന സ്ഥലവും (insertion) പോകുന്ന വഴികളും ശരിയാണോ എന്ന് പരിശോധിച്ച് നല്ലൊരു മസ്സാജിലൂടെ ശരിയാക്കി എടുക്കുന്നതാണ് ശരിയായ ഉഴിച്ചിൽ. ഇപ്രകാരം ശരിയായ ഉഴിച്ചിൽ ചെയ്യുകയാണെങ്കിൽ എഴുപത്തഞ്ച് ശതമാനം നടുവേദനകളും മണിക്കൂറികൾക്കുള്ളിൽ തന്നെ മാറ്റിയെടുക്കാവുന്നതാണ്. വീഴ്ച്ചകൾ, ഉളുക്കുകൾ, വിവിധ തരത്തിലുള്ള ജോലികൾ എന്നിവയുടെ ഭാഗമായി പേശികൾക്ക് സ്ഥാനചലനം ഉണ്ടാകാം. അവിടെയെല്ലാം ഉള്ളിലേക്ക് കഴിക്കുന്ന മരുന്നുകളേക്കാൾ പുറമേയുള്ള ഉഴിച്ചിലിന് പ്രസക്തിയുണ്ട്.

എന്താണ് പിഴിച്ചിൽ? ശരീരത്തെ, പ്രത്യേകിച്ച് സന്ധികളെ ബലപ്പെടുത്തുന്നതിന് പിഴിച്ചിലിന് ശക്തിയുണ്ട്. രോഗത്തിന് ആവശ്യമായ തൈലം എടുത്ത് സഹിക്കാവുന്ന ചൂടിൽ രോഗമുള്ള സ്ഥലത്ത് പ്രത്യേക രീതിയിൽ ഒഴിക്കുന്നതാണ് ഇത് സ്പ്രൈൻ, ലിഗമെന്റ് ടെയർ, എല്ല് തേയ്മാനം കൊണ്ടുള്ള വേദനകൾ, നട്ടെല്ലിലെ ഡിസ്ക് തള്ളി വരുന്നത്, എന്നീ അവസ്ഥകളിലെല്ലാം പിഴിച്ചിൽ അത്യധികം ഗുണം ചെയ്യുന്നതാണ്. അത്ഭുതകരമായ രോഗസൗഖ്യം നൽകുന്നതുകൊണ്ടാണ് ഉഴിച്ചിലും പിഴിച്ചിലും ആയുർവ്വേദ ചികിത്സയുടെ ഭാഗമായത്.

**ഡോ. അനുമോദ് കാക്കശ്ശേരി,** എം. ഡി. ആയുർവ്വേദം
സീനിയർ കൺസൾട്ടന്റ്, ജൂബിലി ആയുർവ്വേദ

Editorial Board

Fr. Sijo Cheruvathoor | Dr. Benny Joseph | Dr. Aswath | Mr. Baby | Mr. Noble | Mr. Anto Twinkle
Ms. Suma Paul | Ms. Deepa Tom | Ms. Raki K. V. | Ms. Nicy Antony | Ms. Chippy | Ms. Dinu